ഞങ്ങളേയും ഓർക്കണേ
കടലിൽ ചെല്ലുമ്പോൾ
ഉപ്പുവെള്ളമായി നീമാറുന്നു
മന്ദം മന്ദംപെയ്യുന്ന മഴയേ
മാനത്തോടി കളിക്കുംമഴയേ
മുത്തുപോലുള്ള മഴയേ നീ എന്തിനിങ്ങനെ
തോരാതെ പെയ്യുന്നു.

*വിസ്മയ വിജേഷ്, 6എ*

## ചിത്രശലഭം



ചിത്രശലഭമേ നീഎന്റെ
പുഷ്പപൂന്തോട്ടത്തിൽ
കടന്നുവന്നതെന്തേ
ചിത്രപൂന്തോപ്പിൻമേൽ
കൂടാരം ഉണ്ടാക്കി
എവിടെനീപോയ്മറഞ്ഞു
എന്റെ പൂന്തോട്ടത്തിൽ
തേൻകുടിക്കാൻ വന്നതാണോ
നീ എന്തേയെൻ വാതിൽ മുട്ടിയില്ല
സ്വപ്നതേരോട്ടമായി പറന്നതെന്തേ
ദു;ഖതീയായ് നീവന്നതില്ലേ
ഒന്നു പറന്നകന്നു
പൂന്തേൻ നുകരുവാൻ വന്നതെന്തോ
നീ എന്റെ മനസ്സിൽ പതിഞ്ഞുപോയി

*അനുകൃഷ്ണ, 7*

## ബാല്യകാലം



ഓർക്കുവാൻ ഇല്ലീ രാവിൽ ഞാൻ
ഓർക്കുന്നു എന്റെ ബാല്യകാലം!
പിച്ചവെയ്ക്കുന്നതിൻ മുൻപേ എൻ
അച്ഛൻ ഗാഢമാം നിദ്രയിലാഴ്ന്നുപേയി,
കണ്ണുനീർ തോരാത്ത അമ്മതൻ മുഖം.
ആറാം വയസ്സിൽ അമ്മയും പോയി!
ഞാൻ തെരുവിലേക്കിറങ്ങി ഏകനായി,
ഞാനനാഥനായി
ഓർക്കുവാനൊന്നും ഇല്ലീ രാവിൽ ഞാൻ
ഓർക്കുന്നു എന്റെ ബാല്യകാലം

*റോണ. കെ.ജോൺ, 7ബി*

## ആരായിരുന്നു എനിക്കവർ?

ഒരു നീണ്ട യാത്രയ്ക്കിടയിലാണ് അവരെ പരിചയപ്പെട്ടത്. തിരക്കുകൾക്കിടയിൽ എപ്പഴോ കണ്ടുമാഞ്ഞ മുഖംപോലെ അവർ സുപരിചിതരായിരുന്നു. 'ആരായിരുന്നു എനിക്കവർ' എന്നു ചോദിക്കുമ്പോൾ 'എനിക്ക് പ്രിയപ്പെട്ടവർ' എന്ന് മനസ് മന്ത്രിക്കുന്നു.

ഒരു നേർത്ത പുഞ്ചിരിയുമായി എന്റെ മുന്നിലേക്കു കടന്നുവന്ന അവരെ എന്തു വിളിക്കണമെന്ന് എനിക്കറിയില്ല. ഒരു ട്രെയിൻ യാത്രയ്ക്കിടയിൽ കൈയിൽ ചിരട്ടവീണയും ഏന്തി രണ്ടു കുട്ടികൾ വന്നു. അവരുടെ പാട്ട് അതിമനോഹരമായിരുന്നു. ഒരു കീറിപ്പറിഞ്ഞ പാവാടയും ബ്ലൗസുമായിരുന്നു ഒരു പെൺകുട്ടിയുടെ വേഷം. കീറിപറിഞ്ഞ ബനിയനും നിക്കറും ആയിരുന്നു ആൺകുട്ടിയുടെ വേഷം. അവർ എന്റെ മുമ്പിൽ വന്നിരുന്നു. ഞാൻ അവരുടെ പേര് ചോദിച്ചു. അവർ മുത്തും മാണിക്യവും എന്നു പറയുന്നത് എന്റെ കാതിൽ എപ്പോഴും മുഴങ്ങികേൾക്കുന്നു.

ആർക്കും വേണ്ടാതെ ഉണ്ടായ ഉടനെ ചപ്പുകുപ്പയിലേക്ക് വലിച്ചെറിയപ്പെട്ട പാഴ്ജന്മങ്ങളാണ് മുത്തും മാണിക്യവും. ഒരുനേരത്തെ ആഹാരത്തിനുവേണ്ടി തെരുവുകൾ തോറും പാട്ടുകൾപാടി അലയേണ്ടിവരുന്ന രണ്ടു കുട്ടികളാണ് മുത്തും മാണിക്യവും. തെരുവിന്റെ കൈതൊട്ടിലിൽ കിടന്ന് തെരുവിന്റെ പാട്ടുകേട്ട് അവർ വളർന്നു. ചപ്പുകുപ്പയിൽ വീണ ഉടനെ തന്നെ ഭാർഗവി എന്ന ദുഷ്ടത്തള്ളയുടെ നിയന്ത്രണത്തിനൊത്ത് ചലിക്കുന്ന മരപ്പാവകളായി അവർ മാറി. അവരെ അടിച്ചും പൊള്ളിച്ചും പിച്ച തെണ്ടിച്ചും. പിച്ച തെണ്ടി കിട്ടുന്ന പൈസ അവർക്ക് ലഭിക്കുമായിരുന്നില്ല. എല്ലാം ഭാർഗവിതള്ള പിടിച്ചുപറിച്ച് വാങ്ങുമായിരുന്നു.

മുത്ത് തെരുവിൽ നിന്ന് കിട്ടുന്ന കടലാസ് വായിച്ച്, വായിച്ചു പഠിക്കാൻ തുടങ്ങി. ഇങ്ങനെ വായിക്കുന്നതിനിടയിലാണ് ഒരിക്കൽ മുത്ത് ബഷീറിന്റെ ഒരു കൊച്ചു കഥ വായിക്കാനിടയായത്. അവൾക്ക് ആ കഥ വളരെയധികം ഇഷ്ടമായി. ബഷീറിന്റെ കഥകൾ ഇനിയും വായിക്കണമെന്ന് അവൾക്ക് ആഗ്രഹം തോന്നി. അവളുടെ മറ്റൊരാഗ്രഹം ആയിരുന്നു അവളുടെ കുഞ്ഞനിയൻ മാണിക്യത്തിന് ഒരു ഉടുപ്പ് വാങ്ങികൊടുക്കണമെന്ന്. ഈ ആഗ്രഹങ്ങൾ സാക്ഷാത്കരിക്കാൻ അവളെകൊണ്ട് സാധിക്കുമായിരുന്നില്ല.

അവളുടെ ജീവിതകഥ പറഞ്ഞുകഴിഞ്ഞപ്പോൾ മഴത്തുള്ളി ഇറ്റിറ്റുവീഴുന്നതുപോലെ കണ്ണിൽനിന്നും കണ്ണുനീർ ഇറ്റിറ്റുവീണു.

ട്രെയിൻ ചലിക്കുന്ന ശബ്ദം കേട്ടുകൊണ്ടിരുന്നു. ഞാൻ പറഞ്ഞു. "നിങ്ങൾ വിഷമിക്കാതിരിക്കൂ. എന്റെ കൂടെ നിങ്ങൾ പോരൂ. നിങ്ങളെ ഞാൻ എത്തിക്കേണ്ട കൈകളിലെത്തിക്കും. അവിടെ നിങ്ങൾക്ക് സ്നേഹം പകരാൻ ഒരു സ്നേഹം നിറഞ്ഞ അമ്മയും അനവധി കൊച്ചു സഹോദരങ്ങളുമുണ്ട്.

ട്രെയിൻ അടുത്ത സ്റ്റേഷനിലെത്തി. മുത്തിനെയും മാണിക്യത്തെയും വിളിച്ച്കൊണ്ട് ഞാൻ ഒരു തുണിക്കടയിൽ കൊണ്ടുചെന്നു. അവിടെനിന്ന് അവർക്ക് രണ്ടുപേർക്കും വസ്ത്രം വാങ്ങികൊടുത്തു. ഒരു ബുക്ക് സ്റ്റാളിൽ ചെന്ന് ബഷീറിന്റെ രണ്ട് മൂന്ന് പുസ്തകങ്ങൾ വാങ്ങിച്ചുകൊടുത്തു. അവരുടെ കുഞ്ഞുകൈയും പിടിച്ച് സ്നേഹക്കൂട് എന്നൊരു ഓർഫനേജിലെത്തി. ഞങ്ങളെ വരവേൽക്കാനെന്നോണം ധാരാളം പൂക്കൾ വിരിഞ്ഞു നില്പുണ്ടായിരുന്നു. സന്തോഷത്തിന്റെയും സമാധാനത്തിന്റെയും വാക്കുകളോതാൻ വെള്ളരിപ്രാവുകൾ തത്തിപ്പറക്കുന്നുണ്ടായിരുന്നു.

അവരെ ഓർഫനേജിൽ ഏൽപിച്ചശേഷം ഞാൻ മടങ്ങി.

എന്റെ മനസ്സ് ഏകാന്തമായി. എന്റെ മനസിനുള്ളിലിരുന്ന് ആരോ മന്ത്രിച്ചു. 'ആരായിരുന്നു എനിക്കവർ?'

*അഖില ദിവാകരൻ, 9 എ*



## മോഹം



കളകളം പാടി ഒഴുകുന്ന
പുഴയെ കയ്യിൽവാരി എടുക്കുവാൻമോഹം
തലോടി അകലുന്നകാറ്റിനെ പതിയെ
കയ്യിൽ വാരിഎടുക്കുവാൻ മോഹം
കീ.......കീ..... പാടി പറക്കും
കിളിയെ കയ്യിലെടുത്ത്
ചുംബിക്കാൻ മോഹം
കണ്ണുചിമ്മികാണിക്കും പൂവിനെ
വാരിപുണരാൻ ഒരു മോഹം
ഈ മോഹങ്ങളുമായി നടക്കും
ഞാൻ തന്നെയല്ലേ ഒരു മോഹം.

*അബിയ ജോസഫ്, 7ബി.*

പൂമാല ഗവ. ട്രൈബൽ ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാരംഗം കലാസാഹിത്യവേദിയും സർവ്വശിക്ഷഅഭിയൻ കരിമണ്ണൂർ ബി.ആർ.സി.യും ചേർന്ന് സ്കൂൾ തലത്തിൽ നടത്തിയ "സർഗ്ഗവേദി 2012" ശിൽപ്പശാലയിൽ രൂപപ്പെട്ട കാവ്യ രചനകളാണ് ഇവിടെ പ്രസിദ്ധീകരിച്ചിരിക്കുന്നത്.



# പൂമഴ

ഋതുഭേദങ്ങൾ സമ്മാനിച്ച പ്രകൃതിസൗന്ദര്യം നമുക്ക് നഷ്ടമായി. കുട്ടികൾക്ക് മുന്നിൽ കാലം തെറ്റിപെയ്യുന്ന മഴയും നിറഞ്ഞ വേനലും എങ്ങനെ വ്യാഖ്യാനിക്കുമെന്നറിയാതെ പകച്ചു നിൽക്കുമ്പോൾ എവിടെ നിന്നോ ഒരു മഴത്തുള്ളി എത്തി.... കിനാവുകളിൽ ആർത്തലച്ചുപെയ്യുന്ന ഒരു മഴദിവസം ഞങ്ങൾ ഒത്തുകൂടി.... കവിതകളുടെ മഴയേറ്റ് നനഞ്ഞ കുട്ടികൾ അവരുടെ കുറിപ്പുകളുമായി ഓടിവന്നു..... പിന്നെ പൂമഴയായിരുന്നു.

മഴ സ്നേഹമാണ്..... സാന്ത്വനമാണ്.... അമ്മയാണ്....കൂട്ടുകാരിയാണ്......എന്നാലും ഈയിടെയായി മഴ നമ്മെ വല്ലാതെ ഭയപ്പെടുത്തുന്നു. കുട്ടികൾ ആ മഴയെ വേണ്ടവിധം തിരിച്ചറിഞ്ഞിരിക്കുന്നു എന്നതിന്റെ സൂചനകളാണിതിൽ നിറയെ.... കൺചിമ്മി തുറക്കുന്ന വേഗത്തിൽ മഴ നിറയുന്നു.

നാം ഈ മഴയിൽ അലിഞ്ഞുചേർന്നു. "ആസ്വദിച്ച് ആസ്വദിച്ച് മഴയെന്നെ കൊണ്ടുപോയി" എന്നെഴുതാൻ കുട്ടിയെ പ്രേരിപ്പിച്ചത് എന്താവാം? ഈ പൂമഴ നിറഞ്ഞമനസ്സോടെ സ്വീകരിക്കുക.

**രാധിക പി.ബി**
കൺവീനർ
വിദ്യാരംഗം കലാസഹിത്യവേദി

പൂമാല
13 - 07 - 2012



Govt. Tribal Higher Secondary School Poomala
Email : gthsspoomala@gmail.com, www.tribalpoomala.wordpress.com
Ph : 04862 282215

സർഗ്ഗവേദി 2012




# പൂമഴ

കവിത സമാഹാരം

കുട്ടികളുടെ ഫോൾഡർ മാഗസിൻ
ഗവ. ട്രൈബൽ ഹയർസെക്കണ്ടറി സ്കൂൾ പൂമാല

## മഴ ഒരോർമ്മച്ചെപ്പ്



മഴയെന്റെ മനസ്സിൽ
പതിച്ചനേരം
അറിയാതെ ഞാനും
പിന്നിട്ടുപോയ്
കാലം മായ്ച്ചോരെന്റെ
കൊച്ചു സ്വപ്നങ്ങളും
കാണാതെ പോയൊരെൻ
ബാല്യകാല സഖികളും
എൻ മനസ്സിൽ കൂടുകൂട്ടി.
എങ്കിലും അതിൻ തൻ
ദൈർഘ്യം അല്പനേരം
താൻ നിൽക്കയുള്ളു
എന്നറിഞ്ഞനേരം
മിഴികളും വെള്ളത്തിലാഴ്ന്നുപോയി
എന്നെ ഒർമ്മയിലുണർത്തിയ
മഴ എൻ മനസ്സിൽ
ബാല്യകാലത്തിൻ വിത്തുകൾപാകി
എന്നിൽ നിന്നും പോവും നേരം
ആ വിത്തുകൾ മുളച്ചിരുന്നു.
എങ്കിലും എനിക്കൊരു സംശയം
എന്തേ എനിക്കൊരു
സംശയമെന്ന് ചിന്തിച്ചിരിക്കു
മ്പോൾ വേനൽമഴ പറന്നെത്തി
എന്നോട് മന്ത്രിച്ചു
ഇനിയും വരുവാൻ പറഞ്ഞുനോക്കൂ
നിൻമഴ എത്താതിരിക്കയില്ല.
എത്താതിരുന്നാലുംഇനിയും
നിൻ സ്വപ്നങ്ങൾ മുളക്കുക
തന്നെ ചെയ്യും
അങ്ങിനെ അങ്ങിനെ എൻ
മനസ്സ് വീണ്ടും മായാലോകം പൂകി.

***ബിസ്മി ബിജു, 8എ***

## വിടവാങ്ങൽ



അമ്മ തൻ ചിറകുകൾക്കിടയിൽനിന്നും
പറന്നകലുന്നകുഞ്ഞ്പോലെ
മേഘവാഹിനികളിൽ നിന്ന്
മഴത്തുള്ളികൾ അകന്നുപോയി
നൊമ്പരം മനസ്സിൽ അടക്കിപ്പിടിച്ച്
മഴത്തുള്ളികൾ തെന്നിത്തെറിച്ചു
മുത്തുകളെന്നപോലെ
ജീവിത യാത്രകൾ തുടങ്ങുകയായ്
ജീവിത ദർശനം അറിയാനായ്
ആ നിമിഷത്തിൽ മഴത്തുള്ളി യാത്രയായ്.

***തോമസ് ബാബു, 9ബി.***

## മഴയുടെ കൂട്ടുകാരി



ഒരു ചാറ്റൽ മഴയായാണ്
നീ വിണ്ണിൽ പെയ്തിറങ്ങിയത്
വേനലിൻ വറുതിയിൽ
നിന്നതുകൊണ്ടാവാം
നിന്റെ കണങ്ങൾ എനിക്കു
പുതുജീവൻ നൽകി
ഞാനൊരു തരുവായി മാറിയതും
നിന്റെ കൃപാകടാക്ഷമായ
അശ്രുബിന്ദു പൊഴിഞ്ഞതുകൊണ്ടാണ്.
നിന്റെ ഓരോത്തുള്ളി മഴയും ഉണ്ടാവാൻ
ഞാനൊരു നിമിത്തമായിന്നു മാറിയല്ലോ
എന്നാൽ നീയാണല്ലോ
എനിക്ക് പുതുജീവൻ
വരദാനമായ് നൽകിയതും
മാലോകർ തൻ ക്രൂരതയാൽ
തരുക്കൾ ഞങ്ങൾ മൃത്യുവണയുന്നു
എന്നാലും നിൻ സ്പർശനം
എത്രനാൾ ഭൂമിയെ ധന്യയാക്കും
അതോ നിന്റെ ഓരോതുള്ളിയും
ഈ ഭൂമിയിൽ അനശ്വരമാകുമോ
എന്റെ കൂട്ടുകാരി നിനക്കെന്റെ പ്രണാമം.

***വിഷ്ണു പ്രിയ ടി.കെ, 8 ബി***

## ഞാൻ ആസ്വദിച്ച മഴ



പൊരിയുന്ന ഭൂമിയേ
കുളിർ അണിയിക്കുവാൻ
വന്ന മഴയേ ഞാൻ ആസ്വദിച്ചു
ആസ്വദിച്ച് ആസ്വദിച്ച് ഇരിക്കവേ
ഒടുവിൽ മഴയെന്നെ കൊണ്ട് പോയി

***ആദർശ് ഷാജി, 7എ***



## എന്റെ ഉറ്റസുഹൃത്ത്



മാനത്തിൽ നിന്നവൾ ആർത്തിറങ്ങി
ആർദ്രമായ കണ്ണീർകണങ്ങളാൽ
അവൾ പെയ്തിറങ്ങി
മധുരമായ സംഗീതത്താൽ അവളെ-
ന്നരികിൽ എത്തി.
കാണൂ ആസ്ഫടികങ്ങളായ തുള്ളികൾ
ആ കുളിർത്തുള്ളികൾ
എന്നെ ആഹ്ലാദകരനാക്കി
ആപവിത്രമാം തുള്ളികൾ പാറിയെന്നരി-
കിൽ വന്നു.എന്നിൽ രോമാഞ്ചമേൽപ്പിച്ചു.
മന്ദമന്ദമവളെൻ സ്നേഹം പിടിച്ചുപറ്റി
എൻ ഉറ്റസുഹൃത്തായി മാറിയവൾ
അവൾ കൂടപോലെ നിൽക്കുന്ന വൃക്ഷങ്ങ-
ളിലെ തളിരിലകളിൽ തട്ടിയവളെന്നരി-
കിൽ വന്നു.
ഞങ്ങൾ പരസ്പരം നോക്കി
എന്നാൽ എന്തേ?
ആർത്തലച്ചു പെയ്തിരുന്നയവൾ
പെട്ടെന്നെന്തെ ശാന്തമായി
സൂര്യനവളെ ശകാരിച്ചുവോ?
ശാന്തമായവളെന്നെ ഒരു നോക്ക്നോക്കി
മൗനമായവൾ എന്നരികിലെത്തി-
എന്നെ തഴുകിയവൾ മാഞ്ഞുപോയി
അതെൻ മനസ്സിൽ മുറിവേറ്റതായി തോന്നി
എന്തേ അവൾ മാഞ്ഞുപോയി?

***രാജിമോൾ, 9ബി***

## മഴയിൽ പോകുന്ന തോണി



മഴയിൽ പായും പുഴയിൽ-
ഇളനീർ മുത്തും തരുമോ.
മുറ്റത്തെത്തും നിലയിൽ
ഒരു നീലാകാശം വരുമോ.
ഇരുളു നിറഞ്ഞൊരു മേഘത്താൽ-
മോഹം കൂട്ടിന് വരുമോ.
നിന്നിൽ നിന്നൊരു സ്നേഹം-
വിരുന്നിന് കൂട്ടായ്‌വരുമോ?
തുള്ളി തുള്ളി വന്നാലും-
തെന്നി തെന്നി പോവരുതേ.
നിന്നിലെ വെള്ളി മിന്നൽ-
എവിടെ ചെന്ന് നിന്നു
മാനത്തെത്തും ചെന്താരത്തിൽ-
തോണിയിൽ പോകാൻ വരുമോ.

***അൻസിയ. കെ. എ, 9ബി***

## കണ്ണീർകണങ്ങൾ



മാനത്തിൻ മുഖം കറുത്തു;
കണ്ണീരണിഞ്ഞു;ഇടക്കിടെ
തുമ്മുകയും ചീറ്റുകയും
പിന്നെ തലക്കുനിച്ച്
കണ്ണീർ വാർക്കുകയും ചെയ്തു.
സൂര്യനും ചന്ദനും കണ്ണു-
പൊത്തിയോടി ഒളിച്ചു.
മാനത്തിൻ കണ്ണീർ കൊണ്ട്
നിലം തുടച്ചു.
ഒപ്പം തുടച്ച് പലതും കൊണ്ടുപോയി!
കൂടെ ഒരമ്മയുടെ കരളും.

***അഖില മേരി ജോൺ, 9എ***

## ഞാനൊരു മയിലായിരുന്നെങ്കിൽ.....



സുന്ദരവാനിൽ ഒരു പെൺകൊടി
കരിമുകിലുമായി ഓടി നടന്നു,
എന്റെ മനസ്സിന്റെ മണിച്ചെപ്പിൽ
മഴ ഓളം തല്ലി.
വേഴാമ്പലിന്റെ നാദം
ഭൂമിയെ ഈറനണിയിച്ചു.
ഒരു തുള്ളി എൻ മുഖത്ത് പതിച്ചു
അതുപിന്നെപല തുള്ളികളായി മാറി
ഇളംകാറ്റ് എന്നെ തഴുകിയുണർത്തി
എന്റെ മനസ്സ് എവിടെയോ അലഞ്ഞു
തിരിഞ്ഞു.
മയിലിനെ പോലെ നൃത്തം ചെയ്യാൻ എന്റെ
മനസ്സ് വെമ്പി,
എന്റെ മനസ്സ് മന്ത്രിച്ചു
'ഞാനൊരു മയിലായിരുന്നെങ്കിൽ........'

***അഖില ദിവാകരൻ, 9എ***



## മഴ വന്നിരുന്നെങ്കിൽ



പലഭാവത്തിലാണ് മഴ
പലരൂപത്തിലാണ് മഴ
ഓരോ മഴയുടെയും ഓരോ അനുഭവമാണ്
അത് ദു;ഖമായ്,സന്തോഷമായ്,തണലായ്,താങ്ങായ് വരും
കരളിന്റെ അലിയാത്ത,തീരാവേദനകൾ
എല്ലാംനീക്കാൻ
ഇനിയുമാമഴയൊന്നു വന്നിരുന്നെങ്കിൽ
എൻ കരളിന്റെ വേദന നീക്കിയിരുന്നെങ്കിൽ
ഇനിയുമാ മഴയൊന്നുവന്നിരുന്നെങ്കിൽ

***ലിയാമോൾ ആന്റണി, 9ബി***

## വീണ്ടുംഒരു മഴക്കാലം കൂടി



വാനിൽ കരുമാടി കുട്ടന്മാർ വന്നു.
വജ്രശോഭയിൽ ഇടിമിന്നലും
ശരീരത്തെ കുത്തി വേദനപ്പി-
യ്ക്കും പോലെ മഴയെത്തി
മഴപെയ്തു. എല്ലാവർക്കും
ആവേശമായി ഒരു പുൽ-
നാമ്പു കൂടി

***ആരോമൽ ഗോപി, 9ബി***

## എന്തു തരും



ആകാശത്തിൽനിന്നും ഉത്ഭവിച്ച്
ഭൂമിയിൽ പതിക്കുന്ന പുലരി മഴ
നിന്നിൽ പ്രകൃതി അലിയുന്നു.
എത്ര സുന്ദരമാണ് നീ.
ഞാനും വരട്ടെ നിന്റെ ലോകത്തേക്ക്?
മഴത്തുള്ളി എന്നവിമാനത്തിൽ കയറി
ഞാനും വരട്ടെ നിന്റെ ലോകത്തേക്ക്?
എന്നെയും കൊണ്ടുപോകുമോ നീ?
എനിക്കും തരുമോ ഒരു കുടംതുള്ളികൾ?
മധുരമുള്ള ആതുള്ളികൾ.
എനിക്ക് നീ ആഹ്ലാദം തരുമ്പോൾ
നിനക്കു ഞാൻ എന്തു തരും?
സ്നേഹത്തിന്റെ ഒരു ചുടുചുംബനം
എനിക്കുതരാമോ?
അല്ലെങ്കിൽ പിന്നെ ഞാനെന്തുതരും?
എന്റെ പ്രാണനായാലോ?

***ആതിര സന്തോഷ്, 8ബി***

## ആടി തിമിർത്ത മഴ



ദൂരെ വാനിൻ മുഖഭാവങ്ങൾ
പയ്യെ പയ്യെ മായുമ്പോൾ
തവളകൾ പാടും സംഗീതങ്ങൾ
ദൂരെയെങ്ങോ കേൾക്കുമ്പോൾ
തുള്ളിച്ചാടും കുട്ടികൾ മനസ്സിൽ
സന്തോഷങ്ങൾ പൂക്കുന്നു.
കുളവും പുഴയും നിറയുമ്പോ-
ളതിൽ മീനുകൾ തുള്ളിച്ചാടുന്നു.
തോരാതെ പെയ്തപേമാരി
ഇതാ പയ്യെ പയ്യെ മായുന്നു.
തവളകൾ പാടും സംഗീതങ്ങൾ
ദൂരെയെങ്ങും കേൾക്കാതായ്
സന്തോഷത്തിൻ ഒരു നിമിഷം
മനസ്സിൽ നിന്നും മായുന്നു
പുതിയൊരു മഴയെവരവേൽക്കാനായ്
കാത്തിരിക്കുന്നു എൻ മനസ്സ്.

***സബീന സാബു, 8ബി***

## കന്നിമോഹം

മാനത്തിൽ സ്വപ്നച്ചെപ്പുണർന്നു
താഴെയൊരാശതൻ നാമ്പ് കിളിർത്തു
ഏഴുനിറങ്ങളായി മോഹം വിടർന്നു
എന്നിലേഴു സ്വപ്നങ്ങളുണർന്നു
ആരൊക്കെയോ ആകുവാൻ
ഞാൻ മോഹിച്ചു.
മഴത്തുള്ളികൾ എന്നിൽ
അർച്ചനപുഷ്പങ്ങളാവാൻ
ഞാൻ കേണു
ദൂരെ ഒരനുരാഗഈണമായി
മഴത്തുള്ളി ഇറ്റിറ്റുവീണു.
ആർദ്രമായി ഈണമായി താളമായി
മഴ എന്നിൽ ചൊരിഞ്ഞു.
പാവമൊരു വിത്താകുന്നു ഞാൻ
നാളെയൊരു വടവൃക്ഷമായി
തണലേകാൻ മോഹിച്ച വിത്ത്

***അഖില ദിവാകരൻ, 9എ***



## കറുത്ത കൈകൾ

മനുഷ്യൻ മനുഷ്യനെ തിന്നുന്നു
കാർന്നു തിന്നുന്നു ഭൂമിയെ
മനുഷ്യൻ തൻ കറുത്തകൈകൾ

***ആദർശ് ഷാജി, 7എ***

## അമ്മയ്ക്കായി.....



തേനമ്മ പനിനീർപൂവമ്മ
അമ്മയെന്റെ തണലായി
എന്നമ്മ ആസ്നേഹത്തിൻതൂവെണ്മ
രാത്രിയിൽമാനത്തിൽവരുംനിലാവാണെന്നമ്മ
എൻകവിളിൽ എൻനിറുകയിൽ
സ്നേഹത്തിൻചുംബനം
എനിക്കായി സമ്മാനിച്ചുനീ
അരികിൽഞാൻ അണയുമ്പോൾ
നറുവാത്സല്യമായ് എന്നെ പുണരുംനീ
എന്നമ്മേ............തേനമ്മേ
എൻമുടിമാടിഒതുക്കിനീ ന
റുമുല്ലപ്പൂഗന്ധമായ്മാറിനീ
തേനൂറുമാംമിഴിയിൽ കാണുന്നുഎൻമുഖം
ദൈവം എനിക്കായി തന്നസ്നേഹ
നിധിയാണല്ലോനീ
സ്നേഹത്തിൻവെളിച്ചമായ്
തിളങ്ങുന്നുനിൻമുഖം
എല്ലാനിമിഷവും എൻഅരികിൽനീവേണം
എൻഹൃദയത്തിൽ നീഎപ്പോഴുംഉണരേണം
എൻവാത്സല്യകനിയല്ലോ സ്നേഹത്തിൻ പനി
നീരല്ലേനീ
എന്നമ്മേ...........തേനമ്മേ.......
അമ്മയ്ക്കെന്റെ നൂറുമ്മ ഞാനല്ലേനിൻകണ്ണ്
ഞാൻനിന്റെ കുഞ്ഞുവാവയല്ലേ.
നിൻമാറിൽചാഞ്ഞിടുംപൂമൊട്ടല്ലേഞാൻ

***ചിന്നു ബെന്നി, 9എ***

## മരകഷ്ണങ്ങൾ

ലോകമാകുന്ന തടിമില്ലിൽ
അറക്കുവാനിട്ടിരിക്കുന്ന
ഒരു മരകഷ്ണമാകുന്നു ഞാൻ
ലോകത്തിൻ ചെയ്തികൾക്കെതിരെ
ശബ്ദിക്കുവാൻ എനിക്കു നാവില്ല
ആൻഫ്രാങ്കിനെപ്പോലെ പൊട്ടിക്കരയുവാൻ
എനിക്കു കൊതിയാവുന്നു.
പക്ഷേ അതെനിക്കാവില്ലല്ലോ?
ഞാൻ ഒരു മനുഷ്യനല്ലല്ലോ
മരകഷ്ണമല്ലേ?
ആകാശവിതാനത്തെപ്പോലെ ലോക-
ത്തിൻ കൊടുംക്രൂരതകൾ ഞാൻ വീക്ഷി
ക്കുന്നു;
മൗനിയായ ഞാനും നാളെ
അറക്കപ്പെട്ടെക്കാം.
ഒരായിരം മരകഷ്ണങ്ങളുടെ കൂടെ
ഒരു കൊച്ചു മരകഷ്ണം, ഞാൻ!!

***അഖില മേരി ജോൺ***

## കിനാവ്



എന്റെ കിനാവിൻ കാലൊച്ച കേട്ടപ്പോൾ
ഒരു കൊച്ചുസ്വപ്നം ഞാൻ അന്നുകണ്ടു
മുറിവേറ്റു പിടയുന്ന വെള്ളരിപ്രാവുകൾ
മരണത്തിൻ ചിറകടി ശബ്ദം കേട്ടു
മാമലതൻ വിജനമാം വീഥിയിൽ
ഒരു ദീനരോദനം ഞാൻ കേട്ടുണർന്നു.
എൻ ഹൃദയത്തിൻ ഉള്ളിലെ നൊമ്പരം
രണ്ടു കണ്ണുനീർ തുള്ളിയായി ഇറ്റുവീണു.
(എന്റെ കിനാവിൽ)

***അജു. പി. ശശീന്ദ്രൻ, 7എ***

## ആഹ്ലാദത്തിൻ സ്വന്തം മഴ



മനുഷ്യനെ ആഹ്ലാദിപ്പിക്കുന്ന മഴേ
മരമില്ലെങ്കിൽ നീയില്ലല്ലോ.
കാഴ്ച്ചയിൽ നീയൊരു കുഞ്ഞുതുള്ളി
നിറയുമ്പോൾ നീയൊരു കടൽ പോലെ
മാനത്തു നീ പോകുമ്പോൾ
നീരാവിയായ് പോകുന്നു
പുഴയോരത്തുകൂടി നീ
കുമിളകളായും പോകുന്നു
മാനത്തുമങ്ങി കളിക്കുമ്പോൾ